LIBRARY ARCHIVES Kerala Legislative Assembly

പുതിയ ആയുർവേദ ഡിസ്പെൻസറികളും ആശുപത്രികളും

163 [2656] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവേദ ഡിസ്പെൻസറികൾ നിലവിലില്ലാത്ത പഞ്ചായത്തുകളിലെല്ലാം ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലുള്ള ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. എന്നാൽ സ്ഥലം, കെട്ടിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പഞ്ചായത്തുകളെ പരിഗണനാലിസ്റ്റിൽ ഉൾപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക പരിധിക്കുള്ളിൽനിന്നുകൊണ്ട് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പത്താം പഞ്ചവൽസര പദ്ധതിയിൽ ഡിസ്പെൻസറികൾ ആശുപത്രിയായി ഉയർത്താനുള്ള പദ്ധതി നിലവിലില്ല.

സർക്കാർ ആയുർവേദ കോളേജുകളും തസ്തികകളും

164 [2657] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ആയുർവേദ കോളേജുകൾ ഉണ്ട്;

(ബി) അവ ഏതെല്ലാം;

(സി) ഈ കോളേജുകളിൽ പഠിപ്പിക്കുന്ന കോഴ്സുകൾ ഏതെല്ലാമാണ് എന്ന് കോളേജുകളുടെ പേരുസഹിതം വ്യക്തമാക്കുമോ;

(ഡി) ആയുർവേദ കോളേജുകളിലെ അദ്ധ്യാപക നിയമനത്തിനുവേണ്ട യോഗ്യതകൾ എന്തൊക്കെയാണ്;

(ഇ) 1999 ജനുവരി മുതലുള്ള കാലയളവിൽ പ്രസൂതിതന്ത്രം ആന്റ് സ്ത്രീരോഗം എന്ന വിഭാഗത്തിൽ എം.ഡി. പാസ്സായ എത്രയാളുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എത്രപേരുണ്ട്;

(ജി) പ്രസൂതി തന്ത്രം ആന്റ് സ്ത്രീരോഗം വിഭാഗത്തിൽ എത്ര അദ്ധ്യാപക തസ്തികകളാണ് നിലവിലുള്ളത്;

(എച്ച്) ഇതിൽ എത്രപേരാണ് ജോലി ചെയ്തുവരുന്നത്;

(ഐ) ഇതിൽ പി.എസ്.സി.വഴിയുള്ള സ്ഥിരനിയമനം ലഭിച്ചവർ എത്രയെന്നും താൽക്കാലിക നിയമനം ലഭിച്ചവർ എത്രയെന്നും വ്യക്തമാക്കുമോ;

(ജെ) ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എത്രപേരുണ്ട്;

(കെ) ഏറ്റവും ഒടുവിൽ ഏതുവർഷമാണ് ആയുർവേദ കോളേജുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന അദ്ധ്യാപക നിയമനം നടത്തിയത്;

(എൽ) പട്ടികജാതി വിഭാഗത്തിലുള്ളവർക്കായുള്ള എത്ര ലക്ചറർ തസ്തികയാണ് ഇപ്പോൾ ഒഴിവുള്ളത്;

(എം) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എൻ) അപേക്ഷകരുടെ എണ്ണം പത്തിൽതാഴെയാണെങ്കിൽ എഴുത്തുപരീക്ഷ നടത്താതെ നേരിട്ട് നിയമനം നടത്താറുണ്ടോ; ഇതിനുവേണ്ടുന്ന ശുപാർശ ആരാണ് നടത്തേണ്ടത്;

(ഒ) ഈ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂന്ന്.

(ബി) സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ.

(സി) എല്ലാ സർക്കാർ ആയുർവേദ കോളേജുകളിലും ആയുർവേദത്തിൽ ബിരുദകോഴ്സ് നടത്തിവരുന്നു. (ബി.എ.എം.എസ്.) (ആയുർവേദാചാര്യ).

കൂടാതെ ചുവടെ കൊടുത്തിരിക്കുന്ന സർക്കാർ കോളേജുകളിൽ ആയുർവേദത്തിൽ വിവിധ സ്പെഷ്യാലിറ്റികളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തിവരുന്നു.

ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം

സ്പെഷ്യാലിറ്റി:

(1) കായചികിൽസ
(2) ദ്രവ്യഗുണ
(3) രസശാസ്ത്ര ആന്റ് ഭൈഷജ്യകൽപന
(4) സ്വസ്ഥവൃത്ത
(5) പ്രസൂതി തന്ത്ര
(6) ബേസിക് പ്രിൻസിപ്പിൾസ്

LIBRARY ARCHIVES Kerala Legislative Assembly

(7) പഞ്ചകർമ്മ

(8) അഗദതന്ത്ര

(9) ശല്യതന്ത്ര

(10) ശാലാക്യതന്ത്ര

ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ

സ്പെഷ്യാലിറ്റി:

(1) രോഗനിദാന

(2) ക്രിയാശാരിര

(ഡി) ആയുർവേദത്തിൽ ബിരുദം (ബി.എ.എം.എസ്., ആയുർവേദാചാര്യ) അഭിലഷണീയം:

ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം.

(ഇ) 30 പേർ.

(എഫ്) 2 പേർ.

(ജി) 13.

(എച്ച്) 11 പേർ.

(ഐ) പി.എസ്.സി. വഴി 10 പേരും താൽക്കാലികമായി ഒരാളും ജോലി ചെയ്തുവരുന്നു.

(ജെ) ആരും ഇല്ല.

(കെ) 1996-ൽ.

(എൽ) 2.

(എം) ഉണ്ട്. പി.എസ്.സി. ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(എൻ) 'എം' പിരിവിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഒ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നീക്കിവച്ചിരിക്കുന്ന തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

കുന്ദമംഗലം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

165 [2658] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly